## (8) വന്യജീവികളുടെ ആക്രമണം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വന്നതിനുശേഷം വന്യജീവികളെ ആക്രമിക്കുന്നതും കൊല്ലുന്നതും കടുത്ത കുറ്റമാണ്. ജയിൽശിക്ഷയാണ് മിനിമം ശിക്ഷ. ഇതുമൂലം വന്യജീവികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. കാട്ടുപന്നി, ആന എന്നിവയുടെ എണ്ണം കൂടി. കാട്ടുപന്നി, ആന എന്നിവയോടൊപ്പം മയിൽ, മാൻ എന്നിവയും കൃഷി നശിപ്പിക്കുന്നുണ്ട്. വന്യമൃഗങ്ങൾക്കു മുൻപിൽ കർഷകർ നിസ്സഹായരാണ്. നെല്ല്, വാഴ, കരിമ്പ്, മാവ്, കപ്പ, തെങ്ങ് തുടങ്ങിയ എല്ലാ കൃഷിയും വന്യമൃഗങ്ങൾ നശിപ്പിക്കുകയാണ്. കാട്ടുപന്നിയുടേയും ആനയുടേയും വൻതോതിലുള്ള വർദ്ധനവ് വനങ്ങളിൽ നിന്ന് നാട്ടിൻപുറങ്ങളിലേയ്ക്ക് വന്യമൃഗങ്ങളെ ഇറങ്ങാൻ പ്രേരിപ്പിക്കുന്നു. ഇവ വൻതോതിലാണ് കൃഷി നശിപ്പിക്കുന്നത്. കാട്ടുപന്നി നാട്ടുപന്നിയായി രിക്കുന്നു. കാട്ടാന ജനങ്ങളെ ആക്രമിക്കാൻ തുടങ്ങിയിട്ടുണ്ട്. തമിഴ്നാട്ടിലെ വാല്പാറയിൽ ഈയിടെ 3 സ്ത്രീകളെ കാട്ടാന കൊന്നു. ഇതിനുപരിഹാരം കാണണം. ഗവൺമെന്റും മന്ത്രിയും നല്ലരീതിയിൽ ഇടപെടുന്നുണ്ട്. Man-Animal conflict എന്നൊരു ആശയം വച്ച് എം.എൽ.എ.മാരുടെ യോഗം വിശദമായി ചർച്ച നടത്തി നടപടിയെടുക്കുന്നതിന് നിർദ്ദേശം കൊടുത്തു. നല്ല കാര്യമാണ്. പക്ഷെ അതിന്റെ അടിസ്ഥാനത്തിൽ പഠനവും കൂടി വരികയാണ്. വനത്തേയും വന്യജീവികളേയും സംരക്ഷിക്കണം എന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. വംശനാശം നേരിടുന്ന വന്യജീവികളെ നിർബന്ധമായും സംരക്ഷിക്കണം. എന്നാൽ ക്രമാതീതമായി വർദ്ധനവുണ്ടായ വന്യജീവികളെ നിയന്ത്രിക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ആവശ്യമായ നടപടിയുണ്ടാവണം. കൊല്ലംകോട് മണ്ഡലത്തിലെ മുതലമട, കൊല്ലംകോട്, എലവഞ്ചേരി, നെന്മാറ, അയിലൂർ, നെല്ലിയാംപതി ഉൾപ്പെടെയുള്ള 6 പഞ്ചായത്തുകൾ വനവുമായി ബന്ധപ്പെട്ട് കിടക്കുന്ന സ്ഥലമാണ് ഇവിടെയെല്ലാം ഈ പ്രശ്നമുണ്ട്. എന്റെ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിൽ പശ്ചിമഘട്ട മലനിരകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന എല്ലാ മണ്ഡലങ്ങളിലേയും എം.എൽ.എ.-മാർ നേരിടുന്ന ഒരു പ്രശ്നം എന്ന നിലയിലാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. അത് നാമമാത്രമായിപ്പോകുകയാണ്. ഒരു തെങ്ങിന് 300 രൂപ, വാഴയ്ക്ക് വളരെ പരിമിതമായിട്ടുള്ള തുകയൊക്കെയാണ് കൊടുക്കുന്നത്. അതു വർദ്ധിപ്പിക്കണം. ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കേണ്ട സ്ഥാനത്ത് അത് സ്ഥാപിക്കണം. ട്രെഞ്ച് കുഴിക്കേണ്ടസ്ഥാനത്ത് ട്രെഞ്ച് കുഴിക്കണം. ആ നിലയിലുള്ള നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയം സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. ചെന്താമരാക്ഷൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. കൊല്ലംകോടും ഇരിക്കൂറും മണ്ണാർകാടും നിലമ്പൂരും മാത്രമല്ല, കേരളത്തിലെ മലയോര മേഖലയുമായി ബന്ധപ്പെട്ട എല്ലാ മണ്ഡലങ്ങളിലേയും വിഷയമാണിത്. വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങി

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായ കൃഷി നാശം ഉണ്ടാക്കുന്നു. ഇത് ചർച്ചകളിലൂടെ പരിഹരിക്കാൻ സാധിക്കില്ല. എനിക്ക് പറയാനുള്ളത്, മലയാള മനോരമയിൽ കഴിഞ്ഞ ദിവസം ഒരു വാർത്ത വന്നിരുന്നു, 'ഭീഷണിയാകുന്ന വന്യജീവികളെ വേട്ടയാടാൻ കേരളം മടിക്കുന്നു.' കേന്ദ്ര പരിസ്ഥിതി വകുപ്പ് അയച്ച ഒരു കത്തിൽ വന്യജീവി സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലെ (ബി) ഖണ്ഡപ്രകാരം ഒന്നാം പട്ടികയിൽ പെടാത്ത മൃഗങ്ങൾ ജീവനും സ്വത്തിനും ഭീഷണിയാകുന്നുവെങ്കിൽ അവയെ വേട്ടയാടാൻ അനുമതി നൽകാം എന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. വി. ചെന്താമരാക്ഷൻ പറഞ്ഞതുപോലെ കാട്ടുപന്നിയും മറ്റും പെറ്റ് പെരുകുന്ന ഇനത്തിൽപ്പെട്ടതാണ്, വംശനാശം വരുന്ന കൂട്ടത്തിൽപ്പെട്ടതല്ല. 1992 ഡിസംബർ 10-ാം തീയതി പരിസ്ഥിതി മന്ത്രാലയം സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത് മൃഗങ്ങളെ വേട്ടയാടാൻ സംസ്ഥാന ഗവൺമെന്റിന്റെ വന്യജീവി വകുപ്പ് മേധാവിക്ക് അനുമതി നൽകാം എന്നാണ്. എന്തുകൊണ്ട് കേരളം ഈ വകുപ്പ് ഇൻവോക്ക് ചെയ്യുന്നില്ല. കാട്ടുപന്നി, മുള്ളൻ പന്നി തുടങ്ങിയവ വംശനാശം വരുന്ന വയല്ല. അവയുടെ ആക്രമണംമൂലം മലയോര പ്രദേശങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാവുകയാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പും കേന്ദ്രവനം വകുപ്പും അതിനെ വേട്ടയാടാൻ അനുവദിക്കാമെന്ന നിർദ്ദേശം നൽകിയിട്ടും ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അനുമതി കൊടുത്തിട്ടും എന്തുകൊണ്ട് കേരളം മടിച്ചു നിൽക്കുന്നു? ദയവായി ചർച്ചകളിൽ ഒതുക്കാതെ ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കണം. കൃഷിക്കാരെ സംരക്ഷിച്ചില്ലെങ്കിൽ ഈ മേഖലയിൽ കൃഷിക്കാർ കൂട്ടത്തോടെ ഒഴിഞ്ഞു പോകുന്ന വലിയ ഒരവസ്ഥയുണ്ടാകും. ദയവായി അങ്ങനെയൊരു സാഹചര്യം ഉണ്ടാക്കരുത്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ശ്രീ. ചെന്താമരാക്ഷനും ശ്രീ. കെ. സി. ജോസഫും ഉന്നയിച്ച കാര്യത്തെപ്പറ്റി സഭയിൽ നിരവധി തവണ ചർച്ച ചെയ്ത വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉന്നയിക്കാനാകാത്ത എന്നെപ്പോലുള്ളവരും ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം: അതേ. താങ്കൾ എപ്പോഴും ഇക്കാര്യം പറയാറുണ്ട്. കൊല്ലംകോടും, ഇരിക്കൂറും, നിലമ്പൂരും, മണ്ണാർക്കാടും മാത്രമല്ല, നാദാപുരത്തും ഈ പ്രശ്നമുണ്ട്. എന്റെ മണ്ഡലത്തിലുമുണ്ട്, എല്ലാ മണ്ഡലങ്ങളിലുമുണ്ട്. എവിടെയൊക്കെ വനമുണ്ടോ അവിടെയെല്ലാം ഈ പ്രശ്നങ്ങളുമുണ്ട്. ഏകദേശം അൻപതിൽപ്പരം എം.എൽ.എ. മാരുടെ ഒരു വിഷയമാണിത്. അവതെല്ലാവരേയും നമ്മൾ പല തവണ കണ്ടുകഴിഞ്ഞു. 3 പ്രാവശ്യം യോഗം വിളിച്ചുകൂട്ടി വന ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുത്തിക്കൊടുത്തു, പല സ്ഥലങ്ങളിലും നമ്മൾ എൻ.ആർ.ഇ.ജി.-യുടെ സ്കീം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇതെല്ലാമായെങ്കിൽ പോലും എനിക്ക് നല്ല ബോദ്ധ്യമുണ്ട് പ്രശ്നം പരിഹൃതമായിട്ടില്ല. പല സുഹൃത്തുക്കളും ഇവിടെയും പുറത്തും കേന്ദ്ര ഗവൺമെന്റിന്റെ കത്തിനെപ്പറ്റി ഉന്നയിക്കാറുണ്ട്. വന്യജീവി നിയമത്തിന്റെ സെക്ഷൻ 11(1)(ബി) പ്രകാരം മൃഗവേട്ടക്ക് അനുമതി കൊടുക്കാമെന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിർദ്ദേശമുണ്ട്. പക്ഷേ അതുള്ളപ്പോൾ തന്നെ കേരളത്തിന്റെ പല ഭാഗത്തു നിന്നും വ്യത്യസ്ത വീക്ഷണങ്ങളും നിർദ്ദേശങ്ങളും വരുന്നുമുണ്ട്. അങ്ങനെയൊരു വേട്ടയ്ക്ക് അനുമതി കൊടുക്കുന്നതിലെ തെറ്റിനെപ്പറ്റിയും ശരിയെപ്പറ്റിയുമെല്ലാം കേരളത്തിൽ സംവാദം നടക്കുന്നുണ്ട്. ഗവൺമെന്റിന് വലിയ വാശിയൊന്നുമില്ല. ഇവയെല്ലാം പരിഗണിച്ചുകൊണ്ട് ഗവൺമെന്റ് ഈ മാസം 1-ാം തീയതി ഒരു കമ്മിറ്റിയെ നിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റിയോട് രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കർഷക കോൺഗ്രസ്സിന്റെയും കർഷക യൂണിയന്റെയും കർഷക സംഘത്തിന്റെയും കിസാൻ സഭയുടെയും പ്രതിനിധികൾ അടങ്ങുന്നതാണ് ആ കമ്മിറ്റി.

ശ്രീ. കെ. സി. ജോസഫ്: ഇങ്ങനെയൊരു കമ്മിറ്റിയെ വച്ച കാര്യം വന്യമൃഗങ്ങളെയൊന്ന് അറിയിക്കാമോ ?

ശ്രീ. ബിനോയ് വിശ്വം: അതിനെ ആ രീതിയിലല്ല കാണേണ്ടത്. കേരളത്തിൽ ഞാൻ മന്ത്രിയായതുകൊണ്ടല്ല ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്നത്. ശ്രീ. കെ. സി. മന്ത്രിയായാലും ഇവിടെ ഈ വിഷയങ്ങളൊക്കെയുണ്ടാകും. അതുകൊണ്ട് കമ്മിറ്റിയെ വച്ചത് വന്യമൃഗങ്ങളെ അറിയിക്കുമോ എന്ന് ചോദിച്ചാൽ നിങ്ങൾ അറിയിക്കുമോ വന്യമൃഗത്തിനെ? എനിക്ക് വന്യമൃഗത്തിനെ അറിയിക്കാൻ മാർഗ്ഗമൊന്നുമില്ല. അത് വെറും രാഷ്ട്രീയ ചോദ്യമാണ്. കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ഒരു കമ്മിറ്റിയുണ്ടാകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊരു പൊതു വിഷയമാണ്.

ശ്രീ. ബിനോയ് വിശ്വം: ഈ വിഷയത്തെപ്പറ്റി പഠിക്കാൻ, അഡ്വൈസ് ചെയ്യാൻ ഒരു കമ്മിറ്റി ആദ്യമായിട്ട് ഉണ്ടാകുകയാണ് കേരളത്തിൽ. അതിനെ ആ രൂപത്തിൽ കാണുന്നതിനുപകരം കമ്മിറ്റിയുടെ കാര്യം ആനയെ അറിയിക്കുമോ കാട്ടുപന്നിയെ അറിയിക്കുമോ എന്ന് ചോദിച്ചാൽ എനിക്കൊന്നും പറയാനില്ല. എനിക്ക് അറിയിക്കാൻ പറ്റില്ലായെന്നേ എനിക്ക് പറയാൻ പറ്റുകയുള്ളൂ.

**(9) മുദി ശാസ്താംകോട് ദേവീക്ഷേത്രം പാലത്തിന്റെ നിർമ്മാണം**

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുദിശാസ്താംകോട് പാലം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് പൊട്ടിപ്പൊളിഞ്ഞ് നിരവധി അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ നൂറ് കണക്കിന് കുട്ടികൾ കടന്നുപോകുന്നതും മുദിശാസ്താംകോട് ക്ഷേത്രം, മാടനട ക്ഷേത്രം, സി.എസ്.ഐ. ചർച്ച് എന്നിവിടങ്ങളിൽ എത്തിച്ചേരാൻ കഴിയുന്നതും ഏതാണ്ട് അയ്യായിരത്തോളം കുടുംബങ്ങളിലുള്ള ആളുകൾ കടന്നുപോകുന്നതുമായ ഒരു പാലമാണിത്. ഈ പാലത്തിന്റെ അപകടസ്ഥിതി മനസ്സിലാക്കിയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി 6-4-2012-ൽ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പാലം നിർമ്മാണത്തിനുവേണ്ടി രണ്ട് തവണ ടെൻഡർ ചെയ്തു. പ്രവർത്തി ആരും എടുത്തില്ല. മൂന്നാമത് ക്വട്ടേഷൻ വിളിച്ചിട്ടും പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly